പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1671 | 02.07.2015 ൽ മറുപടിയ്ക്ക് |
|---|---|
| മാതൃകാ അംഗൻവാടി | |
| ചോദ്യം | ഉത്തരം |
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീമതി.കെ.എസ്.സലീഖ<br>ഡോ.കെ.ടി ജലീൽ<br>ശ്രീ.ജെയിംസ് മാത്യു | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മാതൃകാ അംഗൻവാടികൾ സ്ഥാപിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) മാതൃകാ അംഗൻവാടികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ? | (ബി) സംസ്ഥാനത്ത് ഒരു നിയോജക മണ്ഡലത്തിൽ ഒരു അങ്കണവാടി പ്രകാരം 140 അങ്കണവാടികളാണ് മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 10 സെന്റ് സ്ഥലം സ്വന്തമായി ഉണ്ടായിരിക്കണം. ഒരു മാതൃകാ അങ്കണവാടി കെട്ടിടനിർമ്മാണത്തിന്റെ തുകയായ 23.75 ലക്ഷം രൂപയിൽ 17 ലക്ഷം രൂപ വകുപ്പ് വിഹിതമായും 6.75 ലക്ഷം രൂപ ബന്ധപ്പെട്ട എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നുമാണ് ചെലവഴിക്കുന്നത്. അടങ്കൽ തുകയുടെ 15% തുക കൂടി ആവശ്യമായി വരുന്നെങ്കിൽ അധിക ചെലവ് വഹിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത ആവശ്യത്തിനായി 2014-15 വർഷത്തിൽ നീക്കിവെച്ച തുക എത്രയായിരുന്നു; അതിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷത്തിൽ 54.5249 കോടി രൂപ സാമൂഹ്യനീതി ഡയറക്ടറുടെ 14907 നമ്പർ റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി തുക വിനിയോഗിച്ചാണ് മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നത്. ആയതിൽ 9,60,53,909/- രൂപ (ഒമ്പത് കോടി അറുപത് ലക്ഷത്തി അമ്പത്തിമൂവായിരത്തി തൊള്ളായിരത്തി ഒമ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) മാതൃകാ അംഗൻവാടികളിൽ സൗകര്യങ്ങൾ ഒരുക്കുന്നതിനായി നിലവിൽ അനുവദിച്ചിരിക്കുന്നത് എത്ര തുകയാണ്; ഇത് പര്യാപ്തമാണോ; | (ഡി) മാതൃകാ അങ്കണവാടികളിൽ ആവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിന്റെ ഭാഗമായി ഒരു അങ്കണവാടിക്ക് 2 ലക്ഷം രൂപ വീതം 21 അങ്കണവാടികൾക്ക് 42 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 119 മാതൃകാ അങ്കണവാടികളിൽ സൗകര്യമൊരുക്കുന്നതിനായി ഒരു അങ്കണവാടിക്ക് 2,55,000/- രൂപ നിരക്കിൽ 3,03,45,000/- രൂപയും അനുവദിച്ചിട്ടുണ്ട്. ടി ആവശ്യത്തിന് പ്രസ്തുത തുക പര്യാപ്തമാണ്. |
| (ഇ) സംസ്ഥാനത്തെ എല്ലാ അംഗൻവാടികളെയും മാതൃകാ അംഗൻവാടിയുടെ നിലവാരത്തിലേക്കുയർത്താൻ സാധിക്കാത്തതിന്റെ കാരണം വെളിപ്പെടുത്താമോ ? | (ഇ) 10 സെന്റ് ഭൂമി ആവശ്യമായി വരുന്നതിനാലും കൂടുതൽ ഫണ്ട് ആവശ്യമായതിനാലുമാണ് സംസ്ഥാനത്തെ എല്ലാ അങ്കണവാടികളെയും മാതൃകാ അങ്കണവാടിയുടെ നിലവാരത്തിലേക്കുയർത്താൻ സാധിക്കാത്തത്. |

**സെക്ഷൻ ഓഫീസർ**